LIBRARY ARCHIVES Kerala Legislative Assembly

കേരള വാട്ടർ അതോറിറ്റിയിൽ സബ്സെക്ഷനുകൾ

167(2636) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഇലക്ട്രിക്കൽ വിഭാഗം രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം നൽകുമോ ;

(ബി) കേരള വാട്ടർ അതോറിറ്റിയിൽ സബ് സെക്ഷനുകൾ ആരംഭിക്കുന്നത് അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായകമാകുമോ; എങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ ഇലക്ട്രിക്കൽ വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ സെക്ഷൻ ഓഫീസുകളും വളരെയധികം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. സബ്സെക്ഷനുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

പുതിയ വാട്ടർ കണക്ഷൻ നൽകുന്നതിന് പദ്ധതി

168(2637) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വാട്ടർ കണക്ഷൻ നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ വാട്ടർ കണക്ഷനുകൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉടനെതന്നെ ഒരു കണക്ഷൻ കാമ്പെയിൻ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) സാങ്കേതിക സാധ്യതയുള്ളതായ എല്ലാ കണക്ഷനുകളും നൽകുന്നതിനും ഇതുവഴി പരമാവധി ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത കണക്ഷൻ കാമ്പെയിൻ സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാൻ കേരള വാട്ടർ അതോറിറ്റിയിലെ മൂന്ന് മേഖലാ ചീഫ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പമ്പ് ഓപ്പറേറ്റർമാരെ സ്ഥിരപ്പെടുത്തൽ

169(2638) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിട്ടിയിൽ 10 വർഷത്തിൽ കൂടുതലായി ജോലി ചെയ്യുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ച പമ്പ് ഓപ്പറേറ്റർമാർ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇവർക്ക് വേതനം വിതരണം ചെയ്യുന്നത് എപ്രകാരമാണ്;

(സി) ജലസേചന വകുപ്പിൽ 10 വർഷത്തിൽ കൂടുതൽ കാലം ജോലി നോക്കിയിരുന്ന പമ്പ് ഓപ്പറേറ്റർമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയിലെ പമ്പ് ഓപ്പറേറ്റർമാരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) പമ്പ് ഓപ്പറേറ്റർമാരായി ആരേയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly